KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

An ISO Certified 9001:2015 Kerala Government Enterprise

KERAFED

കേരാഫെഡ്

KFD/EXT/609/PROCS/2025-26/316 Dated : 17/07/2025

**ക്വട്ടേഷൻ (പച്ചത്തേങ്ങ സംസ്കരണം)**

കേരാഫെഡിന്റെ പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട്, സംഭരണകേന്ദ്രങ്ങളിൽ സംഭരിക്കുന്ന പച്ചത്തേങ്ങ ഗുണനിലവാരം ഉറപ്പാക്കി സ്വന്തം നിലയിൽ ശേഖരിച്ച് സംസ്കരണകേന്ദ്രത്തിൽ കൊണ്ടുപോയി ഉണക്കി FAQ നിലവാരത്തിലുള്ള കൊപ്രയാക്കി മാറ്റി (30% റിക്കവറിയിൽ) കോഴിക്കോട് നടുവണ്ണൂർ കേരാഫെഡ് കോക്കനട്ട് കോംപ്ലക്സിൽ എത്തിക്കുന്നതിന് QCBC പ്രകാരം മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

കൊപ്ര ഡ്രയർ സംവിധാനമുള്ള ഏജൻസികൾ, സഹകരണസ്ഥാപനങ്ങൾ, FPO/FPC/കൃഷിക്കൂട്ടങ്ങൾ എന്നിവർക്ക് ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിലെയും, സമീപ പ്രദേശങ്ങളിലെയും കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ നീലേശ്വരം മുനിസിപ്പാലിറ്റിയിൽ കേരാഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗോഡൌണുകളിൽ നിന്നും ശേഖരിച്ച് സംസ്കരിച്ച് കേരാഫെഡിന്റെ കോഴിക്കോട് പ്ലാന്റിൽ എത്തിക്കുന്നതിന് ചുവടെ ചേർക്കുന്ന മാതൃകയിൽ ക്വട്ടേഷനുകൾ സ്വീകരിക്കുന്നു.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | നീലേശ്വരം മുനിസിപ്പാലിറ്റിയിലെയും സമീപ പ്രദേശങ്ങളിലെയും കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കി കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ, കോഴിക്കോട് എത്തിക്കുന്ന പ്രവർത്തി | ........................... രൂപ /ക്വിന്റൽ കൊപ്ര |

**നിബന്ധനകൾ**

(1) കരാർ ലഭിക്കുന്ന ഏജൻസി 50 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിക്കുന്നതിനുള്ള ബാങ്ക് ഗ്യാരന്റിയായി 35 ലക്ഷം രൂപ നൽകേണ്ടതാണ്. 50 മെട്രിക് ടണിൽ കൂടുതൽ പച്ചത്തേങ്ങ സംഭരിച്ച് സംസ്കരിക്കുന്നതിന് ഓരോ 50 മെട്രിക് ടണിനും അധിക ബാങ്ക് ഗ്യാരന്റിയായി 35 ലക്ഷം രൂപ നൽകേണ്ടതാണ്.

(2) ട്രാൻസ്പോർട്ടേഷൻ, ഉണക്കുകൂലി, ചണചാക്ക്, കയറ്റിറക്ക് കൂലി എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്. (പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി കേരാഫെഡ് ഫാക്ടറിയിൽ എത്തിക്കുമ്പോൾ ഉള്ള ഇറക്ക് കൂലി മാത്രം കേരാഫെഡ് വഹിക്കുന്നതാണ്).

(3) പച്ചത്തേങ്ങ സംസ്കരണത്തിന് തടസ്സം നേരിടാതെ ആവശ്യമായ തൊഴിലാളികളെ ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി ജോലി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.

(4) കരാറുകാരന്റെ ഉത്തരവാദിത്വക്കുറവുകൊണ്ട് സംസ്കരണത്തിൽ കേരാഫെഡിന് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരന്റെ വീഴ്ചയായി കണ്ട് അതിനുള്ള നഷ്ടപരിഹാരം കരാറുകാരന്റെ പക്കൽനിന്നും കേരാഫെഡ് ഈടാക്കുന്നതായിരിക്കും.

(5) പ്രസ്തുത കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും.

(6) കരാറുകാരൻ സമർപ്പിക്കുന്ന ഓരോ ബില്ലിൽ നിന്നും 5% തുക കേരാഫെഡ് നിലനിർത്തൽ തുകയായി പിടിച്ചുവെക്കുന്നതാണ്. കരാർ അവസാനിക്കുന്ന മുറയ്ക്ക് ഈ തുക തിരികെ നൽകുന്നതായിരിക്കും. ഈ തുകയ്ക്ക് യാതൊരുവിധമായ പലിശയും നൽകുന്നതല്ല.

(7) ചിരട്ട കരാറുകാർക്ക് ഉപയോഗിക്കാവുന്നതാണ്.

(8) പ്രതിദിനം കുറഞ്ഞത് 20000 nuts സംസ്കരണശേഷിയുള്ള സ്വന്തമായോ, വാടകയ്ക്കോ Dryer/Yard സംവിധാനമുള്ളവർക്ക മാത്രമേ ടെൻഡറിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. (ആയതിന്റെ അനുബന്ധരേഖകൾ സമർപ്പിക്കേണ്ടതാണ്). അല്ലാത്തപക്ഷം QCBS പ്രകാരം ടെൻഡർ നിരസിക്കുന്നതാണ്.

(9) ടെൻഡർ കരസ്ഥമാക്കുന്ന ഏജൻസി നിർബന്ധമായും കേരാഫെഡുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

(10) **നീലേശ്വരത്ത് കേരാഫെഡ് ഏർപ്പെടുത്തിയ ഗോഡൌണിൽ, കർഷകരിൽ നിന്നും സംഭരിച്ച പച്ചത്തേങ്ങ എല്ലാ പ്രവർത്തിദിവസങ്ങളിലും വൈകുന്നേരം സംസ്കരണകേന്ദ്രത്തിലേയ്ക്ക് മാറ്റേണ്ടതാണ്.**

(11) കേരാഫെഡിന്റെ ഗോഡൌണിൽ സംഭരിച്ച പച്ചത്തേങ്ങ നാല് ദിവസത്തിനുള്ളിൽ (അവധി ദിവസങ്ങൾ ഉൾപ്പെടെ) സംസ്കരണകേന്ദ്രത്തിലേയ്ക്ക് മാറ്റിയില്ലെങ്കിൽ, മൂപ്പെത്താത്തതോ, കേടുപാടുകൾ വന്നതോ ആയ പച്ചത്തേങ്ങ ഉണ്ടെങ്കിൽ നിരസിക്കുവാനുള്ള അവസരം നൽകുന്നതല്ല.

**<u>QCBS മൂല്യനിർണ്ണയരീതി</u>**

QCBS പ്രകാരമുള്ള വ്യവസ്ഥകളും, നിബന്ധനകളും വ്യക്തമായും, കൃത്യമായും അറിഞ്ഞായിരിക്കണം ടെക്നിക്കൽ ബിഡ് സമർപ്പിക്കേണ്ടത്. ആകെ 100 മാർക്കിൽ 60% (T) ഗുണമേന്മയ്ക്കും ബാക്കിയുള്ള 40% (P) രേഖപ്പെടുത്തുന്ന തുകയ്ക്കും അനുസൃതമായിരിക്കും. (T+P=1) [സംസ്കരണത്തിനും അനുബന്ധമായുള്ള മറ്റ് ചിലവുകൾക്കുമായി 400/- per qtl (F) രൂപയിൽ കുറയാത്ത തുകയായിരിക്കണം രേഖപ്പെടുത്തേണ്ടത്]

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യവസ്ഥകൾ | നിബന്ധനകൾ | പരമാവധി മാർക്ക് | സാക്ഷ്യപ്പെടുത്തുന്ന രേഖകൾ |
|---|---|---|---|---|
| 1 | ലേലത്തിൽ പങ്കെടുക്കുന്നവർക്ക് കേരളത്തിനകത്ത് കൊപ്ര സംസ്കരണം നടത്തിയതിൽ രണ്ട് വർഷത്തെ പ്രവർത്തിപരിചയം ഉണ്ടായിരിക്കണം | അനുഭവപരിചയം രണ്ട് വർഷം ആണെങ്കിൽ - 7 മാർക്ക്<br><br>അധികമായുള്ള ഓരോ വർഷത്തിനും 2 മാർക്ക് അധികമായി നൽകുന്നതാണ്. | 15 | സംസ്കരണത്തിനായി നൽകിയ വർക്ക് ഓർഡർ<br>Or<br>സംസ്കരത്തിന് ശേഷം നൽകിയ ഇൻവോയിസ്.<br>Or<br>ഇതുമായി ബന്ധപ്പെട്ട് അംഗീകൃത സർട്ടിഫിക്കറ്റ് |
| 2 | ലേലത്തിൽ പങ്കെടുക്കുന്നവർക്ക് കുറഞ്ഞത് 8 മെട്രിക് ടൺ (20000 Nuts) പച്ചത്തേങ്ങ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം. | 8 മെട്രിക് ടൺ ആണെങ്കിൽ - 9 മാർക്ക്<br><br>അധികമായുള്ള ഓരോ 2 മെട്രിക് ടണ്ണിനും 1 മാർക്ക് അധികമായി നൽകുന്നതാണ്. | 25 | കൊപ്ര ഡ്രയറിന്റെ ശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>Or<br>ഡ്രയർ നിലവിൽ പ്രവർത്തനസജ്ജമാണെന്നുള്ള PWD അസിസ്റ്റന്റ് എൻജിനീയറുടെ സർട്ടിഫിക്കറ്റ് |
| 3 | ലേലത്തിൽ പങ്കെടുക്കുന്ന ഏജൻസികൾക്ക് ISO സർട്ടിഫിക്കേഷൻ ഉണ്ടായിരിക്കണം | സർട്ടിഫിക്കേഷന്റെ കാലാവധി 2 വർഷം ആണെങ്കിൽ - 9 മാർക്ക്<br><br>മുൻകാല സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ, ഒരു വർഷത്തിന് അധികമായി 2 മാർക്ക് വീതം | 15 | ISO സർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകണം. |
| 4 | ലേലത്തിൽ പങ്കെടുക്കുന്നവരിൽ FPO/FPC/ കൃഷിക്കൂട്ടങ്ങൾ/ അംഗത്വ സൊസൈറ്റികൾ ആയാൽ | 5 മാർക്ക് | 5 | സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകണം. |
| | ആകെ മാർക്ക് | | 60 | |

❋ സർട്ടിഫിക്കറ്റ് പരിശോധിച്ച് മേൽ സൂചിപ്പിച്ച മാർക്ക് നൽകുന്നതിനും നൽകാതിരിക്കുന്നതിനും കേരാഫെഡിന് അധികാരമുണ്ടാ യിരിക്കുന്നതാണ്. ഒരു തർക്കം വന്നാൽ കേരാഫെഡിന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

ഗുണമേന്മാ മാനദണ്ഡത്തിൽ ഒരു ബിഡ് 25 (ഇരുപത്തിയഞ്ച്) (St) മാർക്കിന്റെ ഏറ്റവും കുറഞ്ഞ യോഗ്യത നേടേണ്ടതാണ്. ഗുണനിലവാര മാനദണ്ഡത്തിലെ ഏറ്റവും കുറഞ്ഞ യോഗ്യതാ മാർക്കുകൾ പാലിക്കാത്ത ബിഡ്ഡുകൾ നിരസിക്കപ്പെടും. ഏറ്റവും കുറഞ്ഞ യോഗ്യതാ മാർക്കുകൾ പാലിക്കുന്ന ബിഡുകളെ യോഗ്യതയുള്ള ബിഡുകൾ എന്ന് വിളിക്കും. അത്തരക്കാർ മാത്രം ബിഡിന്റെ സാമ്പത്തിക മൂല്യനിർണ്ണയത്തിന് യോഗ്യരായിരിക്കും.

| QCBS Calculation |
|---|
| S = (St x T%) + (Sf x P%) |
| S– Final Value |
| St-Technical Value |
| T% – Weightage of Technical Score |
| P% – Weightage of Financial Score |
| Sf – Financial Value ( Sf = 100xFm/F) |
| Sf = 100xFm/F   Fm = L1 Price,  F= Minimum Value (400/qtl) |
| T + P = 1 ( T=60 & P= 40%) |

നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ EMD 1000/- രൂപയോടൊപ്പം (അതാത് ഏജൻസികളുടെ പേരിലായിരിക്കണം EMD സമർപ്പിക്കേണ്ടത്), 25/07/2025 ഉച്ചയ്ക്ക് 2.30 മണിക്ക് മുമ്പായി "മാനേജിംഗ് ഡയറക്ടർ, കേരാഫെഡ്, കേര ടവർ, വാട്ടർ വർക്സ് കോമ്പൗണ്ട്, വികാസ് ഭവൻ.പി.ഒ, വെള്ളയമ്പലം, തിരുവനന്തപുരം - 695 033" എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. (Tender Opening Date - 25/07/2025, 3.45 PM).

ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരുപാധികം നിരസിക്കുന്നതിനോ ഉള്ള അവകാശം കേരാഫെഡിൽ മാത്രം നിക്ഷിപ്തമായിരിക്കും.

**(സാജു കെ.സുരേന്ദ്രൻ ഐ.ഇ.എസ്)**
**മാനേജിംഗ് ഡയറക്ടർ**